©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2023 ഫെബ്രുവരി 23<br>23rd February 2023<br>1198 കുംഭം 11<br>11th Kumbham 1198<br>1944 ഫാൽഗുനം 4<br>4th Phalguna 1944 | നമ്പർ<br>No. **664** |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G.O.(P) No.28/2023/LBR. *Dated, Thiruvananthapuram, 22nd February, 2023*
*10th Kumbham, 1198.*

**S. R. O. No. 252/2023**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O.(Ms.) No.123/2011/LBR. dated 17th August, 2011 and published as S.R.O. No.530/2011 in the Kerala Gazette Extraordinary No.1624

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

dated 23rd August, 2011, the Government of Kerala after considering the objections and suggestions received on the draft proposals published as notification No. LBRD-E1/39/2022-LBRD. dated 16th June, 2022 in the Kerala Gazette Extraordinary No.2047 dated 21st June, 2022 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Production of Motion Pictures and Telefilm Industry sector in the State of Kerala, as specified in the schedule annexed hereto and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

## Schedule

**I. Basic Wages**

**A. Rate of Daily Wages (Production Telefilm and Motion Pictures Sector)**

| *Sl. No.* | *Category* | *Daily Basic Wages (₹)* |
|---|---|---|
| *(1)* | *(2)* | *(3)* |
| | **Group - A** | |
| 1. | Assistant Director | 950 |
| 2. | Assistant Cameraman | |
| 3. | Associate Cameraman | |
| | **Group - B** | |
| 1. | Manager | 910 |
| 2. | Accommodation Manager | |
| 3. | Mess Manager | |
| 4. | Travel Manager | |
| 5. | Location Manager | |
| 6. | Entertainment Manager | |
| | **Group - C** | |
| 1. | Makeup Assistant | 850 |
| 2. | Costume Assistant | |
| 3. | Tailors | |
| 4. | Still Assistant | |
| 5. | Camera Equipment Assistant | |
| 6. | Junior Artist | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 7. | Supporting Artist | 850 |
| 8. | Assistant Art Director | |
| 9. | First Art Director | |

**Group - D**

| | | |
|---|---|---|
| 1. | Electrician | 790 |
| 2. | Dance Assistant | |
| 3. | Fight Assistant | |
| 4. | Stunt Assistant | |
| 5. | Film Representative | |
| 6. | Second Art Director | |
| 7. | Generator Operator | |
| 8. | Crane/Special Equipment Worker | |

**Group - E**

| | | |
|---|---|---|
| 1. | Camera Assistant | 725 |
| 2. | Set Assistant | |
| 3. | Art Assistant | |
| 4. | Painter | |
| 5. | Carpenter | |
| 6. | Driver | |
| 7. | Light Boy | |
| 8. | Unit Boy | |

**Group - F**

| | | |
|---|---|---|
| 1. | Mess Worker | 660 |
| 2. | Production Boy | |
| 3. | Helper | |
| 4. | Publicity Worker | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**B. Monthly Basic Wages (Office Staff and others)**

| *Sl. No.* | *Category* | *Monthly Basic Wages (₹)* |
|---|---|---|
| *(1)* | *(2)* | *(3)* |
| 1. | Manager | 18,390 |
| 2. | Accountant | |
| 3. | Cashier | 15,860 |
| 4. | Computer Operator | |
| 5. | Attender | |
| 6. | Watchman | 13,950 |
| 7. | Security Guard | |
| 8. | Cleaner | 13,380 |
| 9. | Sweeper | |

**II. Dearness Allowance**

In addition to the rate of basic wages, the employees shall be eligible for Dearness Allowance calculated on the basis of Consumer Price Index (2011-12=100) published for the concerned District Headquarters by the Department of Economics and Statistics for the increase in every point above 165 points at the rate of ₹ 60 (Rupees Sixty only) for monthly waged employees and ₹ 2.30 (Two Rupees and Thirty Paise only) for daily waged employees.

**III. Call Sheet Limit**

The daily wages in respect of the daily waged employees fixed in the schedule are limited to a day's call sheet. The duration of a call sheet shall not exceed 8 hours.

**IV. Other Conditions**

1. In case the employees of any establishment/industry are at present getting higher wages than the minimum wages fixed as per this notification, they shall be entitled to get such higher rates.

2. If any category of employee is not included in this notification, such employees shall be eligible to get wages at the rate of wages fixed for the employees of equal status.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. The monthly wages in respect of those for whom daily rate is fixed may be calculated by multiplying the daily wage including Dearness Allowance by 26 and the daily wages in respect of the category of employees for whom monthly rate is fixed in this schedule may be calculated by dividing the monthly wage including Dearness Allowance by 26.

By order of the Governor,

AJIT KUMAR

*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Government had fixed the minimum rates of wages payable to the employees employed in the Production of Motion Pictures and Telefilm Industry in the State of Kerala as per notification issued under G.O.(Ms.) No.123/2011/LBR. dated 17th August, 2011 and published as S.R.O. No.530/2011 in the Kerala Gazette Extraordinary No.1624 dated 23rd August, 2011. The Government have, now, decided to revise the existing minimum rates of wages in the said industry sector after considering the objections and suggestions received on the draft proposal published as notification No. LBRD-E1/39/2022-LBRD. dated 16th June, 2022 in the Kerala Gazette Extraordinary No. 2047 dated 21st June, 2022 and in consultation with the advice of the Minimum Wages Advisory Board constituted for the said purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി) നം.28/2023/തൊഴിൽ

തിരുവനന്തപുരം, തീയതി, 2023, ഫെബ്രുവരി 22
1198, കുംഭം 10.

**എസ്. ആർ. ഒ. നമ്പർ 252/2023**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2011 ആഗസ്റ്റ് 17-ാം തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 123/2011/തൊഴിൽ ആയി പുറപ്പെടുവിച്ചതും 2011 ആഗസ്റ്റ് 23-ാം തീയതിയിലെ 1624-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 530/2011 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം, 2022 ജൂൺ 16-ാം തീയതിയിലെ ഇ 1/39/2022/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2022 ജൂൺ 21-ാം തീയതിയിലെ 2047-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം കേരള സർക്കാർ, കേരള സംസ്ഥാനത്തെ ചലച്ചിത്ര-ടെലിഫിലിം നിർമ്മാണ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

### I. അടിസ്ഥാന വേതനം

### (എ) ദിവസ വേതന നിരക്ക് (കല/ചലച്ചിത്ര നിർമ്മാണ വിഭാഗം)

| *ക്രമ നമ്പർ* | *വിഭാഗം/തസ്തിക* | *പ്രതിമാസ അടിസ്ഥാന വേതനം (രൂപ)* |
|---|---|---|
| *(1)* | *(2)* | *(3)* |
| | **വിഭാഗം - എ** | |
| 1. | അസിസ്റ്റന്റ് ഡയറക്ടർ | 950 |
| 2. | അസിസ്റ്റന്റ് ക്യാമറാമാൻ | |
| 3. | അസോസിയേറ്റ് ക്യാമറാമാൻ | |
| | **വിഭാഗം - ബി** | |
| 1. | മാനേജർ | 910 |
| 2. | അക്കോമഡേഷൻ മാനേജർ | |
| 3. | മെസ് മാനേജർ | |
| 4. | ട്രാവൽ മാനേജർ | |
| 5. | ലൊക്കേഷൻ മാനേജർ | |
| 6. | എന്റർടെയിൻമെന്റ് മാനേജർ | |
| | **വിഭാഗം - സി** | |
| 1. | മേക്കപ്പ് അസിസ്റ്റന്റ് | 850 |
| 2. | കോസ്റ്റ്യൂം അസിസ്റ്റന്റ് | |
| 3. | ടെയ് ലേർസ് | |
| 4. | സ്റ്റിൽ അസിസ്റ്റന്റ് | |
| 5. | ക്യാമറ എക്വിപ്‌മെന്റ് അസിസ്റ്റന്റ് | |
| 6. | ജൂനിയർ ആർട്ടിസ്റ്റ് | |
| 7. | സപ്പോർട്ടിംഗ് ആർട്ടിസ്റ്റ് | |
| 8. | അസിസ്റ്റന്റ് ആർട്ട് ഡയറക്ടർ | |
| 9. | ഫസ്റ്റ് ആർട്ട് ഡയറക്ടർ | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**വിഭാഗം - ഡി**

| | | |
|---|---|---|
| 1. | ഇലക്ട്രീഷ്യൻ | 790 |
| 2. | ഡാൻസ് അസിസ്റ്റന്റ് | |
| 3. | ഫൈറ്റ് അസിസ്റ്റന്റ് | |
| 4. | സ്റ്റണ്ട് അസിസ്റ്റന്റ് | |
| 5. | ഫിലിം റപ്രസന്റേറ്റീവ് | |
| 6. | സെക്കന്റ് ആർട്ട് ഡയറക്ടർ | |
| 7. | ജനറേറ്റർ ഓപ്പറേറ്റർ | |
| 8. | ക്രെയിൻ/സ്പെഷ്യൽ എക്വിപ്മെന്റ് വർക്കർ | |

**വിഭാഗം - ഇ**

| | | |
|---|---|---|
| 1. | ക്യാമറ അസിസ്റ്റന്റ് | 725 |
| 2. | സെറ്റ് അസിസ്റ്റന്റ് | |
| 3. | ആർട്ട് അസിസ്റ്റന്റ് | |
| 4. | പെയിന്റർ | |
| 5. | കാർപെന്റർ | |
| 6. | ഡ്രൈവർ | |
| 7. | ലൈറ്റ്ബോയ് | |
| 8. | യൂണിറ്റ് ബോയ് | |

**വിഭാഗം - എഫ്**

| | | |
|---|---|---|
| 1. | മെസ് വർക്കർ | 660 |
| 2. | പ്രൊഡക്ഷൻ ബോയ് | |
| 3. | ഹെൽപ്പർ | |
| 4. | പബ്ലിസിറ്റി വർക്കർ | |

**(ബി) പ്രതിമാസ വേതന നിരക്ക് (ഓഫീസ് ജീവനക്കാരും മറ്റും)**

| *ക്രമ നമ്പർ* | *വിഭാഗം/തസ്തിക* | *പ്രതിമാസ അടിസ്ഥാന വേതനം (രൂപ)* |
|---|---|---|
| *(1)* | *(2)* | *(3)* |
| 1. | മാനേജർ | 18,390 |
| 2. | അക്കൗണ്ടന്റ് | 15,860 |
| 3. | ക്യാഷ്യർ | |
| 4. | കമ്പ്യൂട്ടർ ഓപ്പറേറ്റർ | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 5. | അറ്റന്റർ | 13,950 |
| 6. | വാച്ച്മാൻ | |
| 7. | സെക്യൂരിറ്റി ഗാർഡ് | |
| 8. | ക്ലീനർ | 13,380 |
| 9. | സ്വീപ്പർ | |

**II. ക്ഷാമബത്ത**

അടിസ്ഥാന വേതനത്തിനുപുറമേ, എല്ലാ വിഭാഗം തൊഴിലാളികൾക്കും അതാത് ജില്ലാ കേന്ദ്രത്തിനുവേണ്ടി ഓരോ മാസവും എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന 2011-12=100 എന്ന ഉപഭോക്തൃവില സൂചികയുടെ 165 പോയിന്റിന് മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസ വേതനക്കാർക്ക് 2.30 രൂപ (രണ്ട് രൂപ മുപ്പത് പൈസ) നിരക്കിലും മാസ വേതനക്കാർക്ക് 60 രൂപ (അറുപത് രൂപ) നിരക്കിലും ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**III. കാൾഷീറ്റ് പരിധി**

ദിവസവേതനക്കാർക്ക് പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള വേതനം ഒരു കാൾഷീറ്റ് സമയത്തെ ജോലിയ്ക്കായി നിജപ്പെടുത്തിയിരിക്കുന്നു. ഒരു കാൾഷീറ്റ് സമയപരിധി 8 മണിക്കൂർ കവിയാൻ പാടില്ല.

**IV. ഇതര വ്യവസ്ഥകൾ**

1. ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്ന തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതന നിരക്ക് തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

2. ഏതെങ്കിലും തസ്തിക പ്രത്യേകമായി പട്ടികയിൽ പ്രതിപാദിച്ചിട്ടില്ലെങ്കിൽ, അത്തരം ജീവനക്കാർക്ക് പട്ടികയിലെ സമാന പദവിയിലുള്ള ജീവനക്കാർക്ക് നിശ്ചയിച്ച നിരക്കിലുള്ള വേതനം നൽകേണ്ടതാണ്.

3. ദിവസവേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളവരെ സംബന്ധിച്ച് മാസവേതനം കണക്കാക്കുന്നതിന് ക്ഷാമബത്ത ഉൾപ്പെടെയുള്ള ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും പട്ടികയിൽ മാസവേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ദിവസവേതനം കണക്കാക്കുന്നതിന് ക്ഷാമബത്ത ഉൾപ്പെടെയുള്ള മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**അജിത് കുമാർ**
*ഗവൺമെന്റ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ ചലച്ചിത്ര-ടെലിഫിലിം നിർമ്മാണ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2011 ആഗസ്റ്റ് 17-ാം തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 123/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ആഗസ്റ്റ് 23-ാം തീയതിയിലെ 1624-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 530/2011 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്നു. 2022 ജൂൺ 16-ാം തീയതിയിലെ ഇ 1/39/2022/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2022 ജൂൺ 21-ാം തീയതിയിലെ 2047-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത വ്യവസായ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള, പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചശേഷവും പ്രസ്തുത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.02.23 08:01:24 +05:30